കാളിദാസൻ ക, ഖ, ഗ, ഘ...

എൽസി യോഹന്നാൻ ശങ്കരത്തിൽ

ഇൻഡ്യയിലെ ഷേക്സ്പീയർ എന്നറിയപ്പെടുന്ന പ്രശസ്ത കവി കാളിദാസന്റെ കവനശേഷിയുടെ പ്രാഗത്ഭ്യം പ്രകടമാകുന്ന കഥകൾ അനേകമുൺട്.

ഒരിക്കൽ വിക്രമാദിത്യ രാജാവ് ഒരു സമസ്യ പറഞ്ഞു; ക ഖ ഗ ഘ .

ഇതിന്റെ മുൻവരികൾ അർത്ഥപൂർണ്ണമായി പൂരിപ്പിക്കണം>

വിചിത്രമായ ഈ സമസ്യയ്ക്കു മുമ്പിൽ ആസ്ഥാനകവികളെല്ലാം വലഞ്ഞു. കാളദാസനും ഏറെ തലപുകച്ചു.

അങ്ങനെ, കാളിദാസൻ നടന്നു പോകുമ്പോൾ ഒരു ചെറിയ പെൺകുട്ടി ഏതിരേ വന്നു. അദ്ദേഹം അവളോടു ചോദിച്ചു :

'കാ ത്വം ബാലാ (നീ ആരാണു കുട്ടി?)

'കാഞ്ചനമാലാ (അവൾ പറഞ്ഞു)

'കസ്യാ പുത്രി? (ആരുടെ മകളാണ്?)

'കനകലതായാ (കനകലതയുടെ മകളാണ്)

അവളുടെ കയ്യിൽ എന്തോ ഇരിക്കുന്നതു കൺട് അദ്ദേഹം വീൺടും ചോദിച്ചു,

'കിം വാ ഹസ്തേ? (എന്താണു കയ്യിൽ?)

'താലീപത്രം (താളിയോലകളാണ്)

'കാ വാ രേഖാ (എന്താണ് അതിൽ എഴുതിയിരിക്കുന്നത്?)

'ക ഖ ഗ ഘ.'

പാഠശാലയിൽ നിന്നു മടങ്ങുകയായിരുന്ന ആ പെൺകുട്ടിയോടുള്ള വർത്തമാനം കഴിഞ്ഞപ്പോൾ രാജാവിന്റെ സമസ്യയുടെ കരുക്കൾ വളരെ സ്വാഭാവികമായ വരികൾ അദ്ദേഹത്തിനു പിടികിട്ടി. ആഹ്ലാദത്തോടെ കാളിദാസൻ കൊട്ടാരത്തിലെത്തി സമസ്യ അവതരിപ്പിച്ചു. കാളിദാസനു തന്നെ സമ്മാനം കിട്ടി.

ക്രിസ്തുവർഷം 4 - 5 ശതകങ്ങളിൽ ജീവിച്ചിരുന്ന സംസ്കൃത കവിയായിരുന്ന കാളിദാസന്റെ

പ്രധാന *കൃതികൾ:

3 നാടകങ്ങൾ:

അഭിജ്ഞാന ശാകുന്തളം- ദുഷന്തരാജാവിന്റെയും ശകുന്തളയുടെയും കഥ

വിക്രമോർവ്വശീയം - പുരുരവസു രാജാവിന്റെയും അപ്സരസായ ഉർവ്വശിയുടെയും പ്രണയ കഥ-

മിളവികാഗ്നിമിത്രം - അഗ്നിമിത്ര രാജാവിന്റെയും മാളവികയുടെയും കഥ

4 കാവ്യങ്ങൾ''

മേഘദൂത് - വിരഹാർത്തനായ കാമുകൻ മേഘത്തിലൂടെ കാമുകിക്ക് അയയ്ക്കുന്ന സന്ദേശം.

രഘുവംശം - രഘു രാജവംശചരിത്രം

കുമാരസംഭവം- കുമാരസ്വാമിയുടെ (മുരുകൻ) ജനനം

ഋതുസംഹാര - ഇൻഡ്യയിലെ ആറ് ഋതുക്കളുടെയും വിവരണം

മറ്റനേകം കൃതികളും അദ്ദേഹം രചിച്ചിട്ടുൺട്.